ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.12.2024**

## പ്രധാനവാർത്തകൾ

1. **ശീതകാല സമ്മേളനത്തിന്റെ അവസാന ദിവസമായ ഇന്നും പാർലമെന്റ് പ്രക്ഷുബ്ധം. ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.**

2. **കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുമായി, കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ, ഇന്ന് രാജസ്ഥാനിൽ കൂടിക്കാഴ്ച നടത്തും. കേരളത്തിൽ നിന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പങ്കെടുക്കും**

3. **29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും. തിരുവനന്തപുരത്ത് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

4. **സംസ്ഥാനത്തെ പൊതുജനങ്ങളുടെ വ്യക്തിഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന സർക്കാർ നയത്തിന്റെ ഫലമാണ് 'കരുതലും കൈത്താങ്ങും' അദാലത്തെന്ന് മന്ത്രി റോഷി അഗസ്റ്റിൻ.**

5. **ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ആരോപണമുയർന്ന കോഴിക്കോട് കൊടുവള്ളിയിലെ സ്ഥാപനത്തിൽ ക്രൈം ബ്രാഞ്ച് പരിശോധന നടത്തുന്നു.**

6. **ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മോഹൻ ബഗാനുമായി ഏറ്റുമുട്ടും.**

==========================================

RNU TVPM

**പാർലമെൻറ്**

ശീതകാല സമ്മേളനത്തിൻറെ അവസാന ദിവസമായ ഇന്നും പാർലമെൻറ് പ്രക്ഷുബ്ധം. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ഡോ. ബി.ആർ അംബേദ്കറെ കുറിച്ചുള്ള കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പരാമർശത്തെ തുടർന്നുള്ള പ്രതിഷേധത്തിൽ കഴിഞ്ഞ ദിവസങ്ങളിലും സഭാ നടപടികൾ തടസ്സപ്പെട്ടിരുന്നു. പാർലമെൻറിന് പുറത്തേക്കും ഭരണ-പ്രതിപക്ഷ പ്രതിഷേധം വ്യാപിച്ചിട്ടുണ്ട്.

==========================================

**പ്രതിഷേധ പ്രകടനം-തിരുവനന്തപുരം**

പാർലമെൻറിൽ അംബേദ്കർ വിഷയത്തെ തുടർന്നുണ്ടായ പ്രതിഷേധ സമരത്തിനിടെ ബിജെപി എം.പിമാരെ കോൺഗ്രസ് അംഗങ്ങൾ കയ്യേറ്റം ചെയ്തു എന്നാരോപിച്ച് ബിജെപി പ്രവർത്തകർ തിരുവനന്തപുരത്ത് പ്രതിഷേധ പ്രകടനം നടത്തി. രക്തസാക്ഷി മണ്ഡപത്തിൽ നിന്നും പ്രകടനമായി എത്തിയ ബി.ജെ.പി പ്രവർത്തകർ സെക്രട്ടറിയേറ്റ് നടയിൽ പ്രതിഷേധ സമ്മേളനം നടത്തി.

RIU TVPM

==========================================

**നിർമല സീതാരാമൻ**

കേന്ദ്ര ബജറ്റ് അവതരണത്തിന് മുന്നോടിയായി വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുമായി, കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ, ഇന്ന് കൂടിക്കാഴ്ച നടത്തും. കേരളത്തിൽ നിന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പങ്കെടുക്കും. രാജസ്ഥാനിലെ ജയ്സാൽമറിൽ നടക്കുന്ന യോഗത്തിൽ നവീകരണം, നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവയിലെ നയങ്ങൾ , ചർച്ചയാകും. തുടർച്ചയായ എട്ടാം തവണയാണ് ശ്രീമതി നിർമല സീതാരാമൻ ബജറ്റ് അവതരിപ്പിക്കുക.

==========================================

## എം.ടി

പ്രശസ്ത സാഹിത്യകാരൻ എം.ടി വാസുദേവൻ നായരുടെ ആരോഗ്യനില ഗുരുതരം. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തിന് ഹൃദയസ്തംഭനം ഉണ്ടായതായി ആശുപത്രി അധികൃതർ മെഡിക്കൽ ബുള്ളറ്റിനിലൂടെ അറിയിച്ചു. ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘം അദ്ദേഹത്തിൻറെ ആരോഗ്യനില നിരീക്ഷിച്ചുവരികയാണ്.

==========================================

## എംപോക്സ് - ആരോഗ്യവകുപ്പ്

എം.പോക്സ് സ്ഥിരീകരിച്ച് പരിയാരം മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന രണ്ടു പേരുടെയും ആരോഗ്യനില തൃപ്തികരമെന്ന് ആരോഗ്യ വകുപ്പ്. U.A.E യിൽ നിന്നെത്തിയ കണ്ണൂർ സ്വദേശിയുടെ റൂട്ട് മാപ്പ് ജില്ലാ ആരോഗ്യവകുപ്പ് ഇന്നലെ പുറത്തു വിട്ടിരുന്നു. രോഗം സ്ഥിരീകരിച്ച മറ്റൊരാൾ വയനാട് സ്വദേശിയാണ്. എംപോക്സ് രോഗികളുമായി സമ്പർക്കത്തിൽ വന്നവർക്ക് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടു.

RNU TVPM

==========================================

## രാജ്യാന്തര ചലച്ചിത്രമേള

ഏഴ് ദിനരാത്രങ്ങൾ തിരുവനന്തപുരം നഗരത്തിലെ ചലച്ചിത്രാസ്വാദകരുടെ പറുദീസയാക്കി മാറ്റിയ 29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം. വൈകിട്ട് 6- ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. സംവിധായിക പായൽ കപാഡിയയ്ക്ക് 'സ്പിരിറ്റ് ഓഫ് സിനിമ അവാർഡ്", മുഖ്യമന്ത്രി സമ്മാനിക്കും.

==========================================

**<u>കരകൗശലമേള</u>**

പന്ത്രണ്ടാമത് സർഗാലയ അന്താരാഷ്ട്ര കരകൗശല മേളയ്ക്ക് കോഴിക്കോട് ഇരിങ്ങലിൽ ഇന്ന് തുടക്കമാകും. മറ്റന്നാൾ വൈകിട്ട് മന്ത്രി P.A. മുഹമ്മദ് റിയാസ് മേള ഔപചാരികമായി ഉദ്ഘാടനം ചെയ്യും. 15 രാജ്യങ്ങളിലെ ഇരുന്നൂറിലധികം കലാപ്രവർത്തകർ ഒത്തുചേരും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

**(വോയിസ്.......)**

==========================================

**<u>ഇടുക്കി - ആത്മഹത്യ</u>**

ഇടുക്കി കട്ടപ്പനയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മുന്നിൽ നിക്ഷേപകൻ ജീവനൊടുക്കി. കട്ടപ്പന മുളങ്ങാശ്ശേരിയിൽ സാബുവിനെയാണ് ബാങ്കിന് മുന്നിൽ തൂങ്ങി മരിച്ച നിലയിലേ കണ്ടെത്തിയത്. നിക്ഷേപ തുക തിരികെ ലഭിക്കാത്തതിനെ തുടർന്നാണ് ആത്മഹത്യയെന്നാണ് വിവരം. സംഭവത്തിൽ പ്രതിഷേധിച്ച് കട്ടപ്പനയിൽ ഉച്ചക്ക് ഒരു മണി മുതൽ 5 മണി വരെ കോൺഗ്രസും - ബി.ജെ.പിയും ഹർത്താലിന് ആഹ്വാനം ചെയ്തു.

RJU TVPM

==========================================

**<u>ബ്രേക്ക്.......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**<u>പരീക്ഷാ പേ ചർച്ച</u>**

പ്രധാനമന്ത്രി നരേന്ദ്ര മോദി നയിക്കുന്ന പരീക്ഷാ പേ ചർച്ചയുടെ എട്ടാമത് പതിപ്പ് അടുത്ത മാസം നടക്കും. പരിപാടിയിൽ പങ്കെടുക്കാൻ MyGov പോർട്ടലിൽ ജനുവരി 14 വരെ അപേക്ഷിക്കാം. പിരിമുറുക്കമില്ലാതെ അനായാസം പരീക്ഷാകാലത്തെ നേരിടുന്നതിന്

വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷിതാക്കളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ഷരിച്ച പരിപാടിയാണ് പരീക്ഷാ പേ ചർച്ച.

==========================================

**<u>കണ്ണൂർ സാഹിത്യോത്സവം- (ഇൻട്രോ)</u>**

കണ്ണൂർ ജവഹർ ലൈബ്രറി സംഘടിപ്പിക്കുന്ന രണ്ടാമത് കണ്ണൂർ സാഹിത്യോത്സവത്തിന് തുടക്കമായി. മൂന്ന് ദിവസം നീളുന്ന സാഹിത്യോത്സവം എഴുത്തുകാരനായ സക്കറിയ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതനിധി കെ.ഒശശിധരൻ.**

**<u>(വോയിസ്..............)</u>**

==========================================

**<u>കരുതലും കൈത്താങ്ങും</u>**

സംസ്ഥാനത്തെ പൊതുജനങ്ങളുടെ വ്യക്തിഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്നതാണ് 'കരുതലും കൈത്താങ്ങും' അദാലത്തിന്റെ ലക്ഷ്യമെന്നും അതാണ് സർക്കാരിന്റെ നയമെന്നും മന്ത്രി റോഷി അഗസ്റ്റിൻ. അടിമാലി ഗവൺമെന്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന ദേവികുളം താലൂക്കുതല പരാതി പരിഹാര അദാലത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

==========================================

**<u>കോഴിക്കോട് - ചോദ്യപേപ്പർ</u>**

ക്രിസ്മസ് പരീക്ഷാ ചോദ്യ ചോർച്ചയുമായി ബന്ധപ്പെട്ട് ആരോപണമുയർന്ന കോഴിക്കോട് കൊടുവള്ളിയിലെ സ്ഥാപനത്തിൽ ക്രൈം ബ്രാഞ്ച് സംഘം പരിശോധന നടത്തുന്നു. കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മൊഴി രേഖപ്പെടുത്തിയിരുന്നു.

RNUTVPM

==========================================

**<u>പത്തനംതിട്ട - (ഇൻട്രോ)</u>**

മണ്ഡല - മകരവിളക്ക് തീർഥാടനം ആരംഭിച്ച ശേഷം ശബരിമല ഏറ്റവും കൂടുതൽ തീർഥാടകർ ദർശനം നടത്തിയത് ഇന്നലെ. 96,000- ത്തിലധികം തീർഥാടകരാണ് ഇന്നലെ ദർശനം നടത്തിയത്. ദർശനത്തിനായി ,മരക്കൂട്ടം മുതൽ ഫ്ലൈ ഓവർ വരെ ഏഴ് മണിക്കൂറാണ് കാത്തു നിന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

**<u>(വോയിസ്........)</u>**

==========================================

**<u>കുമളി -വിധി</u>**

കുമളിയിൽ 2013-ൽ ആറ് വയസുകാരൻ ഷെഫീക്കിനെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതികൾ കുറ്റക്കാരെന്ന് കോടതി. ഷെഫീക്കിന്റെ പിതാവ് ഷെരീഫ്, രണ്ടാനമ്മ അനീഷ എന്നിവരാണ് കേസിലെ പ്രതികൾ. തൊടുപുഴ ഒന്നാം അഡീഷണൽ ജില്ലാ കോടതിയുടേതാണ് വിധി. കുട്ടിയെ പട്ടിണിക്കിട്ടും ക്രൂരമായി മർദിച്ചും കൊലപ്പെടുത്താൻ ശ്രമിച്ചു എന്നതാണ് ഇവർക്കെതിരെയുള്ള കേസ്. 11 വർഷം മുമ്പാണ് സംഭവം നടന്നത്.

==========================================

**<u>ഐ.എസ്.എൽ</u>**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മോഹൻ ബഗാനുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

==========================================

PNUTVPM

**മാധ്യമശിൽപശാല**

ദേശീയ ഗ്രാമീണ ഉപജീവന മിഷൻറെ ആഭിമുഖ്യത്തിൽ നടക്കുന്ന നയി ചേതന 3.0 ദേശീയതല ജെൻഡർ കാമ്പയിനുമായി ബന്ധപ്പെട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് മാധ്യമ ശിൽപശാല സംഘടിപ്പിച്ചു. പരിപാടിയോട് അനുബന്ധിച്ച് ജെൻഡർ പ്രതിജ്ഞ എടുത്തു. രാജ്യത്തുടനീളം ജെൻഡർ അവബോധം ശക്തമാക്കുകയാണ് നവംബർ 25 മുതൽ ഡിസംബർ 23 വരെ സംഘടിപ്പിക്കുന്ന ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

==========================================

**ബേപ്പൂർ - ജലോത്സവം**

ബേപ്പൂർ അന്താരാഷ്ട്ര ജലോത്സവത്തിന് മുന്നോടിയായി ബേപ്പൂർ ബീച്ചിൽ ഫുട്ബോൾ ടൂർണമെൻറ് സംഘടിപ്പിക്കും. ഫുട്ബോൾ താരം C.K വിനീത് മത്സരം ഉദ്ഘാടനം ചെയ്യും. എട്ട് വീതം പുരുഷ, വനിതാ ടീമുകൾ ടൂർണമെൻറിൽ പങ്കെടുക്കും. നാളെ കോഴിക്കോട് നഗരത്തിൽ സ്കേറ്റിംഗും മറ്റന്നാൾ മിനി മാരത്തണും ഉണ്ടായിരിക്കും. ഈ മാസം 27 മുതൽ 29 വരെയാണ് ജലോത്സവം.

RNUTVPM

==========================================

**മേയർ ഇൻ ക്യാമ്പസ്-കണ്ണൂർ**

പുതുവർഷത്തെ പുതിയ പ്രതീക്ഷകൾ പങ്കുവെച്ചും വിദ്യാർഥികളുടെ ഭാവി ആശങ്കകൾ കേട്ടും കണ്ണൂർ കോർപറേഷൻ മേയർ മുസ്‌ലിഹ് മഠത്തിലിൻറെ നേതൃത്വത്തിലുള്ള 'മേയർ ഇൻ കാംപസ്' പരിപാടിക്ക് തുടക്കമായി. കോർപ്പറേഷൻ ജനുവരി 11, 12 തീയ്യതികളിൽ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തുന്ന ഗ്ലോബൽ ജോബ് ഫെയറിൻറെ പ്രചരണാർത്ഥമാണ് കാംപസുകളിൽ പര്യടനം ആരംഭിച്ചത്. വിദേശ രാജ്യങ്ങളുടെ മാതൃകയിൽ പഠനത്തോടൊപ്പം ജോലി എന്ന ആശയം ഗ്ലോബൽ ജോബ് ഫെയറിലൂടെ യാഥാർഥ്യമാക്കാൻ ശ്രമിക്കുമെന്ന് മേയർ വിദ്യാർഥികൾക്ക് ഉറപ്പു നൽകി.

==============================

==========================================